# കേരള സർക്കാർ
## ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
### ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ

## പത്രക്കുറിപ്പ്
**2019 ഡിസംബർ 19 വ്യാഴം**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

www.prd.kerala.gov.in.
videos: http://www.clipmail.kerala.gov.in
email: diothrissur@gmail.com

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

### പ്ലാൻറ് ഫിസിയോളജി ത്രിദിന ദേശീയ സെമിനാർ തുടങ്ങി
## കാർഷിക ഗവേഷകർ വ്യവസായ ലോബിയുടെ ഭാഗമാവാതെ കൃഷിക്കാരന്റെ കണ്ണീര് കാണണം: മന്ത്രി വി.എസ് സുനിൽകുമാർ

സ്ഥാപിത താൽപര്യമുള്ള വ്യവസായ ലോബിയുടെ ഭാഗമായി മാറുന്ന രീതിയിൽനിന്ന് കാർഷിക ഗവേഷകർ മാറിയേ മതിയാവൂ എന്ന് കാർഷികവികസന കർഷകക്ഷേമ വകുപ്പ് മന്ത്രി അഡ്വ. വി.എസ് സുനിൽകുമാർ പറഞ്ഞു. ഈ സമൂഹത്തിൽ ഏറ്റവുമധികം കഷ്ടപ്പെടുന്ന കൃഷിക്കാരന്റെ കണ്ണീരിനെ ഗവേഷകർ കാണണം. ഇന്ത്യൻ സൊസൈറ്റി ഫോർ പ്ലാൻറ് ഫിസിയോളജി (ഐ.എസ്.പി.പി) കേരള കാർഷിക സർവകലാശാലയിൽ സംഘടിപ്പിച്ച പ്ലാൻറ് ഫിസിയോളജി ത്രിദിന ദേശീയ സെമിനാർ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

നമ്മുടെ ഗവേഷണ സ്ഥാപനങ്ങളും ഗവേഷകരും കാർഷികമേഖലയുമായി ബന്ധപ്പെട്ട് പടർന്നുപന്തലിച്ച സ്ഥാപിത താൽപര്യമുള്ള വ്യവസായ ലോബിയുടെ വക്താക്കളും പ്രയോക്താക്കളുമായി മാറിക്കൊണ്ടിരിക്കുകയാണ്. നിങ്ങൾ വ്യവസായ ലോബിയുടെ പക്ഷത്താണോ, കർഷകരുടെ പക്ഷത്താണോ എന്നതാണ് ചോദ്യം. വളരെ സങ്കീർണ്ണമായ സാങ്കേതിക വിദ്യയും കൃഷിക്കാരുടെ ഉൽപാദനച്ചെലവ് വർധിപ്പിക്കാനുള്ള നൂതന വിദ്യകളുമല്ല ഇവിടെ ആവശ്യം. വളരെ ലളിതവും ചെലവു കുറഞ്ഞതും ഋജുവായതുമായ പരിഹാര മാർഗങ്ങളാണ് കൃഷിക്കാരന് ആവശ്യം. അതിന് കഴിയുന്നുണ്ടോ എന്നതാണ് ശാസ്ത്രലോകത്തിന് മുന്നിലുള്ള വെല്ലുവിളി. കൃഷിക്കാരനോട് സൗഹാർദം പുലർത്തുന്ന ഗവേഷണങ്ങൾ ഇവിടെ ആവശ്യമാണ്. പക്ഷേ, കാർഷിക സമൂഹത്തിന് ശാസ്ത്രലോകത്തെ സ്പോൺസർ ചെയ്യാൻ കഴിയില്ല. ഗവേഷണ സ്ഥാപനങ്ങൾക്ക് സ്പോൺസർ ചെയ്യാൻ പറ്റും. പക്ഷേ, അവർക്ക് വേണ്ടിയല്ല കൃഷി നടത്തുന്നത്, കർഷകർക്ക് വേണ്ടിയാണ്. വരുംതലമുറയ്ക്ക് വേണ്ടിയാണ്.

കുട്ടനാട്ടിൽ പ്രളയത്തിന് ശേഷം ഒരു ചില്ലിപൈസ ചെലവഴിക്കാതെ, അത്യുൽപാദന ശേഷിയുള്ള വിത്തില്ലാതെ 40 ശതമാനം ഉൽപാദന വർധനവുണ്ടായി. പ്രകൃതി നൽകുന്ന പാഠങ്ങൾ ഗവേഷകർ മറന്നുപോകാൻ പാടില്ല.

കാലാവസ്ഥാ വ്യതിയാനം കേരളത്തിന്റെ കാഷിക മേഖലയെ പിടിച്ചുലക്കുന്ന പശ്ചാത്തലത്തിൽ നൂതന പരിഹാര മാർഗങ്ങൾ തേടേണ്ടത് അത്യാവശ്യമാണ്. എങ്ങിനെ അതിജീവിക്കും എന്നതാണ് കൃഷിക്കാരന് മുന്നിലുള്ള പ്രധാന പ്രശ്നം. കാലാവസ്ഥക്ക് അനുസൃതമായി കാർഷിക വിളകളേയും കർഷകരേയും മാറ്റിയെടുക്കുകയെന്നത് ഗവേഷക സമൂഹത്തിന്റെ വലിയ ഉത്തരവാദിത്തമാണ്. ലബോറട്ടറികളിൽ ഒരു പാട് ഗവേഷണങ്ങൾ നടക്കുന്നുണ്ട്. ഒരുപാട് പ്രബന്ധങ്ങൾ അവതരിപ്പിക്കപ്പെടുന്നുണ്ട്. ഇവ ലൈബ്രറികൾക്ക് മുതൽക്കൂട്ടാവുന്നതല്ലാതെ കർഷകർക്ക് പ്രയോജനം ചെയ്യുന്നുണ്ടോ എന്നതാണ് പ്രധാനപ്പെട്ട കാര്യം. അത് പ്രയോഗികമായി നടപ്പിലാക്കേണ്ട ഉത്തരവാദിത്തമാണ് ഈ കാലഘട്ടത്തിൽ

ശാസ്ത്ര സമൂഹത്തിനുള്ളത്. പണ്ഡിതരും അക്കാദമിക് സമൂഹവും കർഷകർക്ക് വേണ്ടിയുള്ള സമീപനം എടുക്കണമെന്നും മന്ത്രി പറഞ്ഞു.

കാർഷിക സർവകലാശാല പ്ലാൻറ് ഫിസിയോളജി വകുപ്പ് മുൻ തലവനായിരുന്ന പരേതനായ ഡോ. എസ്. ശേഷാദ്രിനാഥിന് ആദരം അർപ്പിച്ചാണ് സെമിനാർ തുടങ്ങിയത്. മുതിർന്ന പ്ലാൻറ് ഫിസിയോളജിസ്റ്റുകളായ ഡോ. ടി.വി.ആർ. നായർ, ഡോ. കെ. നന്ദിനി എന്നിവരെ മന്ത്രി ആദരിച്ചു. ഐ.എസ്.പി.പിയുടെ ജെ.ജെ. ചിനോയ് സ്വർണമെഡൽ പുരസ്കാരം ഡോ. നരേന്ദ്രകുമാർ ഗുപ്ത, ജെ.സി. ബോസ് സ്വർണമെഡൽ പുരസ്കാരം ഡോ. സ്നേഹലത സിംഗ്ല പരീക്, ആർ.ഡി. അസാന സ്വർണമെഡൽ പുരസ്കാരം ഡോ. ശരത്കുമാർ ദ്വിവേദി എന്നിവർക്ക് മന്ത്രി സമ്മാനിച്ചു. ഐ.എസ്.പി.പി ഫെലോഷിപ്പുകൾ ഡോ. ദീപു മാത്യു, ഡോ. ആർ. ഗോമതി എന്നിവർ മന്ത്രിയിൽനിന്ന് ഏറ്റുവാങ്ങി.

കാർഷിക സർവകലാശാല വൈസ് ചാൻസിലർ ഡോ. ആർ. ചന്ദ്രബാബു അധ്യക്ഷത വഹിച്ചു. ഐ.എസ്.പി.പി പ്രസിഡൻറ് ഡോ. എം.ബി ചെട്ടി, സെക്രട്ടറി ഡോ. വിശ്വനാഥ് ചിന്നുസ്വാമി, ട്രഷറർ ഡോ. മദൻപാൽ, ഡോ. എഡ്ന ആൻറണി എന്നിവർ സംസാരിച്ചു. കാർഷിക സർവകലാശാല റിസർച്ച് ഡയറക്ടർ ഡോ. പി. ഇന്ദിരാദേവി സ്വാഗതവും ഡോ. ടി. ഗിരിജ നന്ദിയും പറഞ്ഞു.

സെമിനാറിൽ വിദേശ സർവകലാശാലകളിൽനിന്നുൾപ്പെടെയുള്ള വിദഗ്ധർ വിവിധ വിഷയങ്ങളിൽ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. 21ന് സമാപിക്കും.

***ഫോട്ടോ അടിക്കുറിപ്പ്: മണ്ണുത്തി കാർഷിക സർവ്വകലാശാലയിൽ നടന്ന പ്ലാൻറ് ഫിസിയോളജി ദേശിയ സെമിനാർ മന്ത്രി വി.എസ് സുനിൽകുമാർ ഉദ്ഘാടനം ചെയുന്നു***

### ബാങ്ക് പ്രതിനിധികളുടെ യോഗം

## കാർഷിക കടം: ജില്ലയിൽ വായ്പാ അദാലത്തുകൾ

കാർഷിക കടതിരിച്ചടവിനായി ജില്ലയിൽ വായ്പ അദാലത്തുകൾ നടത്താൻ തീരുമാനം. ഗവ. ചീഫ് വിപ്പ് അഡ്വ. കെ രാജന്റെ നിർദ്ദേശത്തെതുടർന്ന് ജില്ലാ കളക്ടർ എസ് ഷാനവാസ് വിളിച്ച് ചേർത്ത ബാങ്ക് പ്രതിനിധികളുടെ യോഗത്തിലാണ് തീരുമാനം. ഒറ്റത്തവണ തിരിച്ചടവിലൂടെ വായ്പാ കുടിശ്ശികയും വായ്പാതുകയും തീർക്കാൻ കഴിയുന്നതിനാണ് അദാലത്തുകൾ നടത്തുന്ന ത്. വിവിധ തരത്തിലുള്ള പലിശ, മുതൽ ഇളവുകൾ അദാലത്തിൽ ഏർപ്പെടുത്താനും തീരുമാനമാ യി. ബാങ്കുകൾ അവരവരുടെ മാനദണ്ഡങ്ങൾക്കനുസരിച്ച ഇളവുകൾ നൽകും. ജില്ലാതല അദാല ത്തിന് പുറമേ താലൂക്ക്തല അദാലത്തുകളും സംഘടിപ്പിക്കും. വായ്പ കുടിശ്ശിക്കാരോട് സൗഹാർദ്ദപരമായി ഇടപെടാനും യോഗത്തിൽ നിർദ്ദേശമുയർന്നു. ഗവ. ചീഫ് വിപ്പ് അഡ്വ. കെ രാജൻ, ജില്ലാ കളക്ടർ എസ് ഷാനവാസ്, ലീഡ് ബാങ്ക് മാനേജർ അനിൽകുമാർ, മറ്റ് വിവിധ ബാങ്കുകളുടെ ജില്ലാതല പ്രതിനിധികൾ എന്നിവർ യോഗത്തിൽ പങ്കെടുത്തു. വായ്പാ അദാല ത്തിന്റെ വിശദവിവരങ്ങൾ പിന്നീടറിയിക്കും.

## ലിഖിതം - മുസിരിസ് അന്താരാഷ്ട്ര പുസ്തകോത്സവത്തിന് നാളെ (ഡിസം. 21) തുടക്കം

ലിഖിതം -മുസിരിസ് അന്താരാഷ്ട്ര പുസ്തകോത്സവം നാളെ (ഡിസംബർ 21) മുതൽ 30 വരെ കൊടുങ്ങല്ലൂർ വടക്കേനട കുഞ്ഞികുട്ടൻ തമ്പുരാൻ സ്ക്വയറിൽ നടക്കും. മുസിരിസ് പൈതൃക പദ്ധതിയുടെ.സഹകരണത്തോടെയാണ് ഈ വർഷത്തെ പുസ്തകോത്സവം സംഘടിപ്പിക്കുന്നത്..അന്താരാഷ്ട്ര പ്രസിദ്ധരായ വിവിധ പ്രസാധകരുടെ ഒരു ലക്ഷം പുസ്തകങ്ങളാണ് പ്രദർശിപ്പിക്കുക. രാവിലെ 9 മണി മുതൽ രാത്രി 9 മണിവരെ നീളുന്ന പുസ്തകോത്സവത്തിൽ പുസ്തകവിൽപ്പനയും കലാ-സാംസ്കാരിക പരിപാടികളും, രാഷ്ട്രീയ സംവാദങ്ങളും ചർച്ചകളും സെമിനാറുകളും നടക്കും.

നാളെ(ഡിസംബർ 21) വൈകീട്ട് അഞ്ചിന് പ്രമുഖ മാധ്യമ പ്രവർത്തക കവിതലങ്കേഷ് പുസ്തകോത്സവം ഉദ്ഘാടനം ചെയ്യും. അഡ്വ. വി.ആർ. സുനിൽകുമാർ എം.എൽ.എ അധ്യക്ഷനാവും. ബെന്നി ബെഹനാൻ എം.പി മുഖ്യാതിഥിയാകും. കെ.ഇ.എൻ. കുഞ്ഞഹമ്മദ്

മുഖ്യ പ്രഭാഷണം നടത്തും. രാത്രി 07 ന് ചാവക്കാട് മേഘമൽഹാർ അവതരിപ്പിക്കുന്ന ഗസൽ സന്ധ്യ നടക്കും.

22 വൈകീട്ട് അഞ്ചിന് കൊടുങ്ങല്ലൂർ സംഘതാളം അവതരിപ്പിക്കുന്ന 'പ്രതിരോധത്തിന്റെ സംഗീതം' എന്ന സാംസ്കാരിക പരിപാടി സംഘടിപ്പിക്കപ്പെടും.

23 വൈകീട്ട് അഞ്ചിന് 'മാധ്യമങ്ങളുടെ ഒളിപ്പോരുകൾ' എന്ന വിഷയത്തിൽ നടക്കുന്ന സെമിനാറിൽ ദേശാഭിമാനി ചീഫ് എഡിറ്റർ പി രാജീവ് വിഷയാവതരണം നടത്തും. മുതിർന്ന പത്രപ്രവർത്തകൻ ജോർജ് പൊടിപ്പാറ, മീഡിയാവൺ ചാനൽ ന്യൂസ് എഡിറ്റർ അഭിലാഷ് മോഹൻ, മാധ്യമപ്രവർത്തക കെ.കെ.ഷാഹിന എന്നിവർ സംസാരിക്കും. കെ.എം.ഗഫൂർ അധ്യക്ഷനാവും. തോമസ് ഹാർഡി രചിച്ച എ.എൻ.സത്യദാസ് പരിഭാഷപ്പെടുത്തിയ കാസ്റ്റർ ബ്രിഡ്ജിന്റെ മേയർ - എന്ന പുസ്തകത്തിന്റെ പ്രകാശനവും നടക്കും. 24 ഉച്ചക്ക് രണ്ടിന് കുട്ടികൾക്കായി 'ശാസ്ത്രപൂരം' എന്ന പരിപാടി നടക്കും. ഡിസംബർ 26-ന് സംഭവിക്കുന്ന വലയസൂര്യഗ്രഹണം നിരീക്ഷിക്കുന്ന വിധം, സൗരക്കണ്ണട നിർമ്മാണവും ഉപയോഗവും എന്നിവ പരിശീലിപ്പിക്കും. വൈകീട്ട് അഞ്ചിന് കഥാ സംവാദം നടക്കും. കഥാകൃത്തുക്കളായ അശോകൻ ചരുവിൽ, പി.എസ്.റഫീഖ് എന്നിവർ സംസാരിക്കും. രാത്രി 07 മണിക്ക് വളാഞ്ചേരി 'ലിറ്റിൽ എർത്ത് തിയ്യേറ്റർ' അവതരിപ്പിക്കുന്ന - 'ചില്ലറസമരം' - എന്ന നാടകം അരങ്ങേറും. 25 വൈകീട്ട് 5 ന് നടക്കുന്ന കവിയരങ്ങ് പി.എൻ.ഗോപീകൃഷ്ണൻ ഉദ്ഘാടനം ചെയ്യും. ഏങ്ങണ്ടിയൂർ ചന്ദ്രശേഖരൻ, സെബാസ്റ്റ്യൻ, എം.എസ്.ബനേഷ്, പി.എ.നാസിമുദ്ദീൻ, സീന ശ്രീവൽസൻ, അലി കടുകശ്ശേരി എന്നിവർ കവിതകൾ അവതരിപ്പിക്കും.

26 ന് അഞ്ചിന് 'കൊടുങ്ങല്ലൂർ ചരിത്രത്തിൽ' എന്ന വിഷയത്തിൽ സെമിനാർ. തീരദേശപൈതൃകപഠനകേന്ദ്രം ഡയറക്ടർ പ്രൊഫ. കേശവൻ വെളുത്താട്ട് വിഷയാവതരണം നടത്തും. കേരള ചരിത്ര ഗവേഷണ കൗൺസിൽ ചെയർമാൻ ഡോ. പി.കെ. മൈക്കിൾ തരകൻ, മഹാത്മാഗാന്ധി സർവ്വകലാശാല അധ്യാപകൻ ഡോ. എം.എച്ച്. ഇല്യാസ് എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിക്കും. എഫ് സ്കോട്ട് ഫിറ്റ്സ് ജെറാൾഡ് എഴുതിയതും കെ.പി. ബാലചന്ദ്രൻ പരിഭാഷപ്പെടുത്തിയ മഹാനായ ഗാറ്റ്സ്ബി എന്ന പുസ്തകത്തിന്റെ പ്രകാശനം നടക്കും.

27 ന് വ്യാഴം വൈകീട്ട് അഞ്ചിന് 'സാമ്പത്തികപ്രതിസന്ധിയും, ബദൽ നയങ്ങളും' എന്ന വിഷയത്തിൽ എം.ബി.രാജേഷ് പ്രഭാഷണം നടത്തും. രാജം കൃഷ്ണൻ രചിച്ച് ഒ.കൃഷ്ണൻപാട്യം വിവർത്തനം നിർവ്വഹിച്ച കുറിഞ്ഞിത്തേൻ എന്ന പുസ്തകത്തിന്റെ പ്രകാശനം നടക്കും.

28 ന് വൈകീട്ട് 5 ന്കൊടുങ്ങല്ലൂരിന്റെ സാഹിത്യപാരമ്പര്യം' എന്ന വിഷയത്തിൽ നടക്കുന്ന സെമിനാറിൽ ഡയറക്ടർ പ്രൊഫ. എം.ആർ.രാഘവവാര്യർ വിഷയാവതരണം നടത്തും. കോഴിക്കോട് സർവ്വകലാശാല മുൻസംസ്കൃതവിഭാഗം മേധാവി ഡോ. സി.രാജേന്ദ്രൻ,കുന്ദംകുളം വിവേകാനന്ദ കോളേജ് മലയാളവിഭാഗം അസി.പ്രൊഫസർ, ഡോ.സി. ആദർശ് എന്നിവർ സംസാരിക്കും.

പി.പി.കെ.പൊതുവാൾ വിവർത്തനം ചെയ്ത 'കാട്ടുപുല്ല്'- എന്ന പുസ്തക പ്രകാശനം നടക്കും. 29 - വൈകീട്ട് മൂന്നിന് കുട്ടികളുടെ ചിത്രരചനാമത്സരം - നടക്കും. കവിത ബാലകൃഷ്ണൻ സമ്മാനദാനം നിർവ്വഹിക്കും. വൈകീട്ട് അഞ്ചിന് 'കഥാഗസൽ' കെ.എസ്.ശ്രീലത ഉദ്ഘാടനം ചെയ്യും.

30 ന് വൈകീട്ട് അഞ്ചിന് നടക്കുന്ന സമാപന സമ്മേളനം എം.എ.ബേബി ഉദ്ഘാടനം ചെയ്യും. നഗരസഭ ചെയർമാൻ കെ.ആർ. ജൈത്രൻ അധ്യക്ഷനാവും. എഴുത്തുകാരൻ എസ്. ഹരീഷ് മുഖ്യാതിഥിയായി പങ്കെടുക്കും. ഇ.ടി.ടൈസൺമാസ്റ്റർ എം.എൽ.എ., പി.കെ.ചന്ദ്രശേഖരൻ, മുസ്രിസ് പൈതൃക പദ്ധതി മാനേജിങ് ഡയറക്ടർ പി.എം.നൗഷാദ്, ഡോ.പി.എ.മുഹമ്മദ്സെയ്ത് എന്നിവർ സംബന്ധിക്കും.

## ലേലം

കോടതി കുടിശ്ശിക ഈടാക്കുന്നതിന് നെടുമ്പുര വില്ലേജ് സർവെ 161 ൽ ഉൾപ്പെട്ട 0.0082 ഹെക്ടർ സ്ഥലവും കോടതി കുടിശ്ശിക ഈടാക്കുന്നതിന് നെടുമ്പുര വില്ലേജ് സർവെ 124/2 ൽ ഉൾപ്പെട്ട 0.0063 ഹെക്ടർ സ്ഥലവും ഡിസംബർ 23 രാവിലെ 11 ന് നെടുമ്പുര വില്ലേജ് ഓഫീസിൽ ലേലം ചെയ്യും. ഫോൺ: 04884 232226.

## ടെണ്ടർ

പുത്തൂർ ഗ്രാമപഞ്ചായത്ത് പഴവെള്ളം കോളനിയിലെ പട്ടികവർഗ്ഗ ഗുണഭോക്താവിന് വാർക്ക പണിയുപകരണങ്ങൾ വിതരണം ചെയ്യുന്നതിന് ടെണ്ടർ ക്ഷണിച്ചു. ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയതി ഡിസംബർ 31 വൈകീട്ട് മൂന്ന് മണി. കൂടുതൽ വിവരങ്ങൾക്ക് ചാലക്കുടി ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസുമായി ബന്ധപ്പെടുക. ഫോൺ 0480 2706100.

## ക്വട്ടേഷൻ

വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത് എലിക്കോട് പട്ടികവർഗ്ഗ സങ്കേതത്തിലെ വനമാലിക കുടുംബശ്രീ യൂണിറ്റിലേക്ക് തയ്യൽ മെഷീൻ, ഓവർലോക്ക് മെഷീൻ, തയ്യൽ ഉപകരണങ്ങൾ അടങ്ങിയ കിറ്റ് എന്നിവ വിതരണം ചെയ്യുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി ഡിസംബർ 31 വൈകീട്ട് മൂന്ന് മണി. കൂടുതൽ വിവരങ്ങൾക്ക് ചാലക്കുടി ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസുമായി ബന്ധപ്പെടുക. ഫോൺ 0480 2706100.

## പ്രൊജക്ട് അസിസ്റ്റന്റ് ഒഴിവ്

പീച്ചി കേരള വനഗവേഷണ സ്ഥാപനത്തിൽ പ്രൊജക്ട് അസിസ്റ്റന്റ് തസ്തികയിൽ താൽക്കാലിക നിയമനം നടത്തുന്നു. ബോട്ടണി ബിരുദമാണ് യോഗ്യത. പ്രവൃത്തി പരിചയം അഭികാമ്യം. 2019 ജനുവരി ഒന്നിന് 36 വയസ്സ് കവിയരുത്. പിന്നോക്ക വിഭാഗക്കാർക്ക് നിയമാനുസൃത ഇളവ് ലഭിക്കും. താൽപര്യമുള്ളവർ അസ്സൽ സർട്ടിഫിക്കറ്റ് സഹിതം ഡിസംബർ 30 രാവിലെ 10 ന് പീച്ചി ഓഫീസിൽ അഭിമുഖത്തിന് എത്തണം. ഫോൺ: 0487 2690100.

## രാവുത്സവം :
## ശുദ്ധീകരിച്ച കുടിവെള്ളവും തയ്യാർ

ഹാപ്പി ഡേയ്സ് തൃശൂർ ഫെസ്റ്റിവലിന്റെ ഭാഗമായി ശുദ്ധീകരിച്ച കുടിവെള്ളം നൽകുന്നു. തേക്കിൻകാട് വടക്കേ പ്രദക്ഷിണ വഴിയിൽ ബിനി ടൂറിസ്റ്റ് ഹോമിനു മുന്നിൽ കോർപ്പറേഷൻ മേയർ അജിത വിജയൻ കുടിവെള്ള ഡിസ്പെൻസർ ഉദ്ഘാടനം ചെയ്തു. ഇനിയും ആറ് കുടിവെള്ള ഡിസ്പെൻസറുകൾ കൂടെ നഗരത്തിന്റെ തിരക്കേറിയ ഭാഗങ്ങളിൽ സ്ഥാപിക്കുമെന്ന് സംഘാടകർ അറിയിച്ചു. എം ജി റോഡ്, ഷൊർണൂർ റോഡ്, റൗണ്ട് നോർത്ത്, കെഎസ്ആർടിസി സ്റ്റാൻഡ് പരിസരം, പൂങ്കുന്നം, പടിഞ്ഞാറേ കോട്ട എന്നിവിടങ്ങളിലും ഡിസ്പെൻസറുകൾ സ്ഥാപിക്കും. ജനറൽ കൺവീനർ ടി എസ് പട്ടാഭിരാമൻ, ഡെപ്യൂട്ടി മേയർ റാഫി പി ജോസ്, വർഗീസ് കണ്ടീകുളത്തി, അനുപ് ഡേവിഡ് കാട, ചേംബർ പ്രസിഡണ്ട് ടി ആർ വിജയകുമാർ, സെക്രട്ടറി എം ആർ ഫ്രാൻസിസ്, സ്പോൺസർ ചെയ്ത കെഎംപി ബിൽഡേഴ്സ് ഉടമ കെ എം പരമേശ്വരൻ എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.

***ഫോട്ടോ അടിക്കുറിപ്പ്: കോർപ്പറേഷൻ മേയർ അജിത വിജയൻ ബിനി ടൂറിസ്റ്റ് ഹോമിനു മുന്നിൽ കുടിവെള്ള ഡിസ്പെൻസർ ഉദ്ഘാടനം ചെയ്യുന്നു.***

**തുടരും**